**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2004-05 വർഷത്തെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(6) പ്രകാരം തടസ്സപ്പെടുത്തിയ 4909/- (നാലായിരത്തി തൊള്ളായിരത്തി ഒൻപത് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

സ.ഉ (സാധാ)നം. 1608/2019/തസ്വഭവ. തിരുവനന്തപുരം, തീയതി. 27/07/2019.

പരാമർശം:- 1) പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.06.2016 ലെ എ 2-1234/13 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 27.06.2016 ലെ എം3-15618/16 നമ്പർ കത്ത്.

3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 27.06.2018 ലെ കെ.എസ്.എ/7867 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2004-05 വർഷത്തെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(6) പ്രകാരം 4909/- (നാലായിരത്തി തൊള്ളായിരത്തി ഒൻപത് രൂപ മാത്രം) തടസ്സപ്പെടുത്തിയിട്ടുണ്ട്. ആലമ്പള്ളം-കുന്നങ്കാട് ഗ്രൂപ്പ് ഇറിഗേഷൻ പ്രവർത്തി കൺവീനർക്ക് തുക അധികം നൽകിയതിനാലാണ് ടി തുക തടസ്സപ്പെടുത്തിയത്. ആയതിന് സാധൂകരണം ലഭിയ്ക്കുന്നതിനായി പരാമർശം(1) പ്രകാരം വണ്ടാഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉചിത മാർഗ്ഗേന പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിൻമേൽ പഞ്ചായത്ത് ഡയറക്ടർ അനുകൂല ശിപാർശ രേഖപ്പെടുത്തി പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു. തുടർന്ന് ആയതിൻമേൽ സർക്കാർ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടായിരുന്നു.

2. സാധൂകരണത്തിനായുള്ള അപേക്ഷയിന്മേൽ റിപ്പോർട്ടാവശ്യപ്പെട്ടതനുസരിച്ച് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭിപ്രായം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ടി റിപ്പോർട്ടിൽ, സാധൂകരണം ആവശ്യപ്പെട്ടിട്ടുള്ള പ്രവർത്തി റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പ്രകാരം ഏറ്റെടുക്കുകയും നിർവ്വഹണഘട്ടത്തിൽ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്നവിധം പൈപ്പ് ലൈൻ നീട്ടി നൽകണമെന്ന തദ്ദേശവാസികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് പദ്ധതിയിൽ പ്രതിപാദിച്ചതിലും അധികരിച്ച അളവിൽ നിർവ്വഹിക്കേണ്ടി വന്നത് എന്നുള്ള 16.07.2015 ലെ വണ്ടാഴി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13(4)-ാം നമ്പർ തീരുമാനം, 19.03.2016 ലെ ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ 24-ാം നമ്പർ തീരുമാനം, പാലക്കാട് ജില്ലാ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 03.01.2018 ലെ കെ.എസ്.എ. പി.കെ.ഡി.18/1534/16 നമ്പർ ശിപാർശ എന്നിവ പരിഗണിച്ച് പരാമർശത്തിൻമേൽ

സാധൂകരണം നൽകുന്നതിന് വകുപ്പിന് എതിരഭിപ്രായമില്ലെന്നും സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ, പരാമർശിത വിഷയം ചാർജ്ജ് സർചാർജ്ജ് നടപടികൾക്കോ നിയമസഭാ സമിതിയുമായി ബന്ധപ്പെട്ട നടപടികൾക്കോ പരിഗണിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശവാസികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് പദ്ധതിയിൽ പ്രതിപാദിച്ചതിലും അധികരിച്ച അളവിൽ പ്രവർത്തി നിർവ്വഹിക്കേണ്ടി വന്നതെന്ന വണ്ടാഴി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13(4)-ാം നമ്പർ തീരുമാനം, 19.03.2016 തീയതിയിലെ ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ സാധൂകരണത്തിന് അനുകൂലമായ തീരുമാനം എന്നിവ പരിഗണിച്ച് പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 4,909/- (നാലായിരത്തി തൊള്ളായിരത്തി ഒൻപത് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, വണ്ടാഴി ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**